**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1140** **11.02.2016 ൽ മറുപടിയ്ക്ക്**

## അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവം

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 2015-16 അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും അതിനു മുന്നോടിയായി നടന്ന സബ് ജില്ല/ജില്ലാ കലോത്സവങ്ങളിലും വാതുവയ്പു സംഘങ്ങളും ഇടനിലക്കാരും ഇവർക്ക് വിധേയരായ ചില വിധികർത്താക്കളുടെയും നടത്തിപ്പുജീവനക്കാരുടെയും ഇടപെടലുകൾ ഉണ്ടായതായും അതിന്റെ അടിസ്ഥാനത്തിൽ മത്സരാർത്ഥികളും രക്ഷകർത്താക്കളും വിദ്യാർത്ഥികളുടെ ഗുരുസ്ഥാനീയരും പരാതിപ്പെട്ടതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | സബ്ജില്ല/ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണം നടത്തിയെന്നും അന്വേഷണത്തിൽ കണ്ടെത്തിയ വാതു വയ്പു സംഘങ്ങളും ഇടനിലക്കാരും വിധി കർത്താക്കളും നടത്തിപ്പുകാരും ആരെല്ലാമെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരം പ്രവർത്തനം നടത്തിയവരിൽ കരിമ്പട്ടികയിൽപ്പെടുത്തിയവർ ആരെല്ലാമെന്നും കുറ്റക്കാരായി കണ്ടെത്തി ആജീവനാന്ത വിലക്ക് ഏർപ്പെടുത്തിയ മറ്റുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | സബ്ജില്ലാ/ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വർദ്ധിച്ചു വരുന്ന ഇത്തരം പ്രവണത തടയുവാൻ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കേണ്ടതിന്റെ അവശ്യകത ശ്രദ്ധയിൽ പ്പെട്ടുവോ; എങ്കിൽ | (സി) | സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനു വേണ്ടി ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി ചെയർമാനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണ |

| | | | |
|---|---|---|---|
| | നൈസർഗ്ഗിക കലാവാസന യുള്ള സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മുൻതൂക്കം നൽകുവാൻ നടപടി സ്വീകരി ക്കുമോ; വ്യക്തമാക്കുമോ; | | ത്തിൽ നൈസർഗ്ഗിക കലാവാസന യുള്ള സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മുൻതൂക്കം നൽകുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധി ക്കുന്നതാണ്. |
| (ഡി) | നടപ്പുമേളയിൽ സംസ്ഥാന തലത്തിൽ വിധി നിർണ്ണയം ചോദ്യം ചെയ്തു എത്ര അപ്പീൽ ഉണ്ടായിയെന്നും അവസാന റിസൽട്ട് വരെ അപ്പീലിനെ ആശ്രയിച്ചാ യിരുന്നു എന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാ ക്കുമോ; | (ഡി) | 353 അപ്പീലുകളാണ് ലഭിച്ചത്. റവന്യൂ ജില്ലകളിൽ നിന്നും കോടതികളിൽ നിന്നും അപ്പീൽ മുഖാന്തിരം പങ്കെടുത്ത മത്സരാർത്ഥികൾ ജില്ലയിൽ നിന്നും മത്സരിച്ച് വിജയിച്ചുവന്ന മത്സരാർത്ഥിയെ ക്കാൾ സ്കോർ മെച്ചപ്പെടുത്താത്ത തിനാൽ ആണ് അവസാന റിസൽട്ട് വരെ അപ്പീലിനെ ആശ്രയിച്ചിരുന്നത്. |
| (ഇ) | നൈസർഗ്ഗിക കലാവാസന യില്ലാത്ത അൻപതു ശതമാനം പേരെങ്കിലും എം.ബി.ബി.എസ് തുടങ്ങിയ പ്രൊഫഷണൽ മേഖലാ പഠനത്തിനു വേണ്ടി യുള്ള അഡ്മിഷൻ സമ്പാദി ക്കാൻ മാത്രമായി വിവിധ മാർഗ്ഗങ്ങളിലൂടെ മേള ഉപയോഗിക്കുന്നതും ശേഷം കലാമേഖല വിടുന്നതും സംബന്ധിച്ച് പരിശോധന നടത്തിയോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് എം.ബി.ബി.എസ് തുടങ്ങിയ പ്രൊഫഷണൽ മേഖലാ പഠനത്തിനു വേണ്ടി യാതൊരു സൗജന്യവും നൽകുന്നില്ല. |
| (എഫ്) | അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അപ്പീൽ വഴി എന്തു തുക പിരിഞ്ഞുകിട്ടി; പ്രസ്തുത കലോത്സവത്തിന് ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | (എഫ്) | അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അപ്പീൽ വഴി 4,62,000/- രൂപ ലഭിച്ചിട്ടുണ്ട്. കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് 1,84,15,000/- രൂപ ചെലവഴി ച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ